നം.ക്യൂ.ഐ.പി-2/83184/2014

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 10.11.2014

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - കലാപഠനം സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നത് - സ്കൂളുകളിൽ ചിത്രരചന മത്സരം സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- സർക്കാർ സർക്കുലർ നമ്പർ 33620/2014/പൊ.വി.വ. തീയതി 28.10.2014

കലാപഠനം സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തണമെന്ന കേരള ലളിതകലാ അക്കാദമിയുടെ ആവശ്യം പരിഗണിച്ച് സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലത്തിലും ഓരോ സ്കൂളിൽ ആർട്ട് ഗ്യാലറി ആരംഭിക്കുന്നതിനും അതിനായുള്ള മുന്നൊരുക്കങ്ങൾ നടത്താനും സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതോടൊപ്പംതന്നെ ജവഹർലാൽ നെഹ്റുവിന്റെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് നവംബർ 14ന് ചിത്രരചനാ മത്സരം സ്കൂൾതലം, വിദ്യാഭ്യാസ ജില്ലാതലം, റവന്യൂജില്ലാതലത്തിലും നടത്തുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഇതിനായി താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ് :

1. 2014 നവംബർ 14 ന് എല്ലാ സ്കൂളുകളിലും സ്കൂൾതലത്തിൽ ചിത്രരചനാ മത്സരം സംഘടിപ്പിക്കുകയും എല്ലാ കുട്ടികളെയും ഇതിൽ പങ്കാളികളാക്കുകയും വേണം.
2. നവംബർ മാസം 20-ാം തീയതി വിദ്യാഭ്യാസ ജില്ലാതലത്തിൽ മത്സരം സംഘടിപ്പിക്കേണ്ടതാണ്.
3. ഡിസംബർ മാസം 2-ാം തീയതി റവന്യൂജില്ലാതലത്തിൽ മത്സരം സംഘടിപ്പിക്കേണ്ടതാണ്.
4. റവന്യൂജില്ലാതല മത്സരവിജയികളുടെ രചനകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർ ലളിതകലാ അക്കാദമിക്ക് നൽകി വിജയികളായി ലളിതകലാ അക്കാദമി തിരഞ്ഞെടുക്കുന്ന ഓരോ വിഭാഗത്തിലെ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് ലളിതകലാ അക്കാദമി സർട്ടിഫിക്കറ്റും നൽകുന്നതാണ്.
5. മത്സരം 3 കാറ്റഗറികളായി സബ്ജൂനിയർ (എൽ.പി. വിഭാഗം), ജൂനിയർ (യു.പി. വിഭാഗം), സീനിയർ (ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗം) എന്നീ വിഭാഗങ്ങളായി നടത്തേണ്ടതാണ്.

6. സ്കൂൾതല മത്സരത്തിന് സ്കൂൾ ഹെഡ്മാസ്റ്ററും വിദ്യാഭ്യാസ ജില്ലാതല മത്സരത്തിന് ഡി.ഇ.ഒ-യും റവന്യൂജില്ലാതല മത്സരത്തിന് വിദ്യാഭ്യാസ ഉപഡയറക്ടർ ചെയർമാനായും ഉള്ള കമ്മിറ്റിയുടെ ചുമതലയിൽ ചിത്രങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. ചിത്രരചനയിൽ പ്രാവീണ്യം ഉള്ള വ്യക്തികളെ ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

7. ലളിതകലാ അക്കാദമി തൃശ്ശൂർ ഇതിനുവേണ്ടുന്ന എല്ലാ സഹായങ്ങളും നൽകുന്നതായിരിക്കും.

8. 'ശിശുദിനം' വിഷയമാക്കി വാട്ടർ കളറിൽ ചിത്രരചനാ മത്സരം സംഘടിപ്പിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ് :-

1. എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ-മാർക്കും

2. എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

3. ചെയർമാൻ, കേരള ലളിതകലാ അക്കാദമി, മനോരമ, തൃശ്ശൂർ